# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകളുടെ പുന:ക്രമീകരണം

1264 ശ്രീ. കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജക മണ്ഡലത്തിലും പൊതുമരാമത്ത് വകുപ്പിന്റെ വിവിധ ഇനങ്ങളിൽപ്പെട്ട ജോലികൾ നിർവഹിക്കുന്നതിന് പൂർണ്ണമായ അധികാരമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) മണ്ഡല തലത്തിലുള്ള പൊതുമരാമത്ത് വകുപ്പ് ഓഫീസുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(സി) നിലവിൽ ഒരു മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി മണ്ഡലത്തിലും മറ്റു മണ്ഡലങ്ങളിലും സ്ഥിതിചെയ്യുന്ന ഓഫീസുകളെ ആശ്രയിക്കേണ്ടിവരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്ന നിർദ്ദേശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ആര്‍.ഐ.ഡി.എഫ് മുഖേന നടപ്പാക്കുന്ന പ്രവൃത്തികള്‍</u>

1265 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ ആര്‍.ഐ.ഡി.എഫ് മുഖേന എത്ര കോടി രൂപയുടെ പ്രവൃത്തികള്‍ക്ക് ഭരണാനുമതി നല്‍കിയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളില്‍ എത്രയെണ്ണം കുണ്ടറ മണ്ഡലത്തില്‍പ്പെടുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>മോണോ റെയിൽ പദ്ധതി</u>

1266 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - കോഴിക്കോട് മോണോ റെയിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ എത്ര തുക വകകൊള്ളിച്ചിരുന്നുവെന്ന് അറിയിക്കുമോ ;

(ബി) ആയതിൽ ഇതിനകം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>തലസ്ഥാനത്തെ മോണോറെയിൽ പദ്ധതി</u>

1267 ശ്രീ. കെ. മുരളീധരൻ
,, പാലോട് രവി
,, എം. എ. വാഹീദ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ മോണോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

മോണോ റെയിൽ കോർപ്പറേഷൻ

1268 ശ്രീ. കെ. മുരളീധരൻ
,, എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ .സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോണോ റെയിൽ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) കോർപ്പറേഷന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) കോർപ്പറേഷന്റെ കീഴിലുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതിക്കുള്ള ധനസമാഹരണ മാർഗ്ഗങ്ങൾ വിശദമാക്കുമോ;

(ഇ) കോർപ്പറേഷന്റെ പദ്ധതികൾക്ക് എം. ഒ. യു.ഉം എ. ഒ.എ. ഉം അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി</u>

1269 ശ്രീ. വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, എം. എ. വാഹീദ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(സി) ഏതെല്ലാം റോഡുകളാണ് പ്രസ്തുത പദ്ധതിയനുസരിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനത്തിന് എതെല്ലാം ഏജൻസികളാണ് ധനസഹായം നൽകുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

റോഡു വികസനത്തിന് ഭൂമി വിട്ടുനൽകിയവർക്കുള്ള ആനുകൂല്യങ്ങൾ

1270

ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ റോഡുവികസനത്തിനായി ഭൂമി വിട്ടുനൽകുന്നവരുടെ ബാക്കിസ്ഥലത്തിന് മതിൽ കെട്ടാനുള്ള ചെലവ് വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) മൂന്നു വർഷം മുമ്പ് ഇത്തരത്തിൽ ഭൂമി വിട്ട് നൽകിയവരും അവശേഷിക്കുന്ന സ്ഥലത്തിന് ഇതുവരെ മതിൽ കെട്ടാത്തവരുമായ കർഷകർ ഉൾപ്പെടെയുള്ളവരെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ തയ്യാറാകുമോ;

(സി) ഭാവിയിൽ ഇത്തരത്തിൽ ആവശ്യമുള്ള തുക റോഡുവികസനത്തിനുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡുനിർമ്മാണം</u>

1271 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപയോഗൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡു നിർമ്മാണ പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ അത്തരത്തിലുള്ള നിർമ്മാണ രീതി സംസ്ഥാനത്തെ ഏതെങ്കിലും റോഡുനിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പുതിയ റോഡുകളുടെ നിർമ്മാണത്തിന് ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>റോഡുവികസനം സംബന്ധിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ</u>

1272

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുവികസനം സംബന്ധിച്ച് ആസൂത്രണ ബോർഡ് അംഗം ശ്രീ. ഇ. ശ്രീധരൻ അംഗമായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ആയതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക് അനുയോജ്യമായിട്ടുള്ളവയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം</u>

1273 ഡോ. എൻ. ജയരാജ്
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര കിലോമീറ്റർ റോഡുകൾ നിർമ്മാണത്തിനായി ഏറ്റെടുത്തു; അതിലേക്ക് നീക്കിവച്ച തുകയെത്ര; വിശദാംശം നൽകുമോ;

(ബി) എത്ര കിലോമീറ്റർ റോഡുകളുടെ നിർമ്മാണം ഇതുവരെ പൂർത്തിയാക്കിയെന്നറിയിക്കുമോ;

(സി) ബി.എം.ആന്റ് ബി.സി. യിൽ ചെയ്യുന്നതിന് എത്ര കിലോമീറ്റർ റോഡുകളാണ് ഉൾപ്പെടുത്തിയത്; ആയതിൽ എത്ര കിലോമീറ്റർ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നറിയിക്കുമോ;

(ഡി) 2013-14 സാമ്പത്തിക വർഷം എത്ര പുതിയ പാലങ്ങളും എത്ര കിലോമീറ്റർ റോഡുകളും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു; ആയതിലേക്ക് പ്രതീക്ഷിക്കുന്ന ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

എം.സി. റോഡിന്റെ ചെങ്ങന്നൂർ മുതലുള്ള അടുത്ത ഘട്ടത്തിന്റെ നിർമ്മാണം

1274 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എം.സി. റോഡിന്റെ ചെങ്ങന്നൂർ മുതലുള്ള അടുത്ത ഘട്ടത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

പാതയോരങ്ങളിലുള്ള ഭൂമി ഉപയുക്തമാക്കാൻ നടപടി

1275 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനപ്പെട്ട പൊതുമരാമത്ത് റോഡുകൾ, സംസ്ഥാന പാതകൾ എന്നിവയുടെ വശങ്ങളിലുള്ള ഭൂമിയിൽ പെട്രോൾ പമ്പ്, വാണിജ്യസമുച്ചയം, ഹോട്ടലുകൾ, വിശ്രമകേന്ദ്രം എന്നിവ തുടങ്ങാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ആയതിനായുള്ള പദ്ധതികൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>റോഡ് നിർമ്മാണവും ദേശീയപാതകളുടെ വികസനവും</u>

1276

ശ്രീ. എ. കെ. ബാലൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. സി. കൃഷ്ണൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണം കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആധുനിക രീതിയിലുള്ള റോഡ് നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ദേശീയപാതകളുടെ വികസനത്തിനുള്ള സ്ഥലമെടുപ്പ് നീണ്ടുപോകുന്നതു കാരണം റോഡ് വികസനത്തിൽ നിന്ന് ദേശീയപാത അതോറിറ്റി പിൻവാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഇ) സ്ഥലമെടുപ്പ് തടസ്സപ്പെട്ടതു മൂലം സംസ്ഥാനത്ത് ഏതെല്ലാം ദേശീയപാതകളുടെ വികസനമാണ് സ്തംഭനാവസ്ഥയിലുള്ളതെന്ന് അറിയിക്കുമോ;

(എഫ്) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>റോഡു നിർമ്മാണത്തിന് ടാറിനു പകരം കോൺക്രീറ്റ് ഉപയോഗിക്കാൻ നടപടി</u>

1277 ശ്രീ. എം. എ. വാഹീദ്
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്ജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുനിർമ്മാണത്തിന് ടാറിന് പകരം കോൺക്രീറ്റ് ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത രീതിയിലുള്ള നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത രീതിയിലുള്ള നിർമ്മാണം സംബന്ധിച്ച് വിദഗ്ദ്ധരുടെ അഭിപ്രായം നേടിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത തരത്തിലുള്ള നിർമ്മാണത്തിന്റെ നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം</u>

1278

ശ്രീ. കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി എവിടെയൊക്കെ നടപ്പാക്കി വരുന്നുണ്ട്;

(സി) പ്രസ്തുത പദ്ധതിയുടെ മാതൃകയിൽ സംസ്ഥാനത്തെ മറ്റു നഗരങ്ങളിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ നടത്താൻ മരാമത്ത് വകുപ്പ് പദ്ധതി തയ്യാറാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>കോർ റോഡ് നെറ്റ് വർക്ക് പദ്ധതി</u>

1279 ശ്രീ. വി.പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, പി. എ. മാധവൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോർ റോഡ് നെറ്റ് വർക്ക് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) റോഡ് വികസനം ലക്ഷ്യമിട്ട് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളോട് ചേർന്നുള്ള അധിക സ്ഥലം വികസിപ്പിക്കുവാൻ നടപടി</u>

1280 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. ശശി
,, മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളോടു ചേർന്നുള്ള അധിക സ്ഥലം വികസിപ്പിക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

പൊതുമരാമത്ത് ജോലികള്‍ സമയബന്ധിതമായി
തീര്‍ക്കുന്നതിന് നടപടി

1281 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികള്‍ സമയബന്ധിതമായി പൂര്‍ത്തിയാക്കപ്പെടുന്നില്ലെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പണികള്‍ കൃത്യസമയത്ത് പൂര്‍ത്തിയാക്കാത്തത് മൂലമുണ്ടാകുന്ന ധനനഷ്ടവും, ജനങ്ങള്‍ക്കുണ്ടാകുന്ന ബുദ്ധിമുട്ടും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബുദ്ധിമുട്ടുകള്‍ ഒഴിവാക്കുന്നതിന് പി.ഡബ്ല്യു.ഡി മാന്വലില്‍ മതിയായ നിയമങ്ങള്‍ നിലവിലുണ്ടോ;

(സി) നിര്‍മ്മാണ പ്രവൃത്തികള്‍ കൃത്യസമയത്തു പൂര്‍ത്തിയാക്കാത്തതിനുത്തരവാദികളായ ഉദ്യോഗസ്ഥര്‍ക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഓരോ പ്രവൃത്തിയും നടപ്പിലാക്കുവാന്‍ പ്രത്യേകം നിര്‍വ്വഹണ ഉദ്യോഗസ്ഥരെ നിയമിക്കുന്നത് പരിഗണനയിലുണ്ടോ;

(ഇ) ആയതിനായി പി.ഡബ്ല്യു.ഡി മാന്വലില്‍ ഭേദഗതി ആവശ്യമാണെങ്കില്‍ ഭേദഗതി വരുത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>മോണോറെയിൽ കോർപ്പറേഷൻ</u>

1282 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ മോണോ റെയിൽ പദ്ധതി നടപ്പിലാക്കുവാൻ മോണോ റെയിൽ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ ആഫീസ് പ്രവർത്തിക്കുന്നതെവിടെയാണെന്ന്, ജീവനക്കാരുടെ വിശദാംശങ്ങളുൾപ്പെടെ അറിയിക്കുമോ;

(സി) കഴിഞ്ഞ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുക വകയിരുത്തിയിട്ടുണ്ടായിരുന്നു; പ്രസ്തുത തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത തുക ഇതേവരെ വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ എൽ.എ.സി.-എ.ഡി.എഫ് പദ്ധതിയിൽപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ</u>

1283 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ എൽ.എ.സി.-എ.ഡി.എഫ് പദ്ധതിയിൽപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളിന്മേൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് ബിൽഡിംഗ്സ്, റോഡ്സ് വിഭാഗങ്ങൾ വേർതിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കുള്ള കരാർ ആർക്കൊക്കെയാണ് ലഭിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

വെൺമണി പുന്തല - ഐരാണിക്കുടി പാലം നിർമ്മാണം

1284 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ അച്ചൻകോവിലാറിനു കുറുകെയുള്ള പുന്തല ഐരാണിക്കുടി പാലം നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് എന്തു തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എ) പ്രസ്തുത പാലം നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കണ്ടിയൂർ - ആറാട്ടുകടവ് പാലം നിർമ്മാണം</u>

1285 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ അച്ചൻകോവിലാറിന് കുറുകെയുള്ള കണ്ടിയൂർ-ആറാട്ടുകടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ സ്കെച്ച്, പ്ലാൻ,എസ്റ്റിമേറ്റ് എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>കോതായിതോട് പാലത്തിന്റെ പുനർനിർമ്മാണം</u>

1286 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യംമ്പുഴ മഞ്ഞപ്ര റോഡിൽ സ്ഥിതി ചെയ്യുന്ന കോതായി തോട് പാലത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അയ്യംമ്പുഴ-മഞ്ഞപ്ര റോഡിന്റെ നിർമ്മാണത്തിനനുവദിച്ച 168 ലക്ഷം രൂപയിൽ കോതായി തോട് പാലത്തിന്റെ നിർമ്മാണത്തിനായി നീക്കി വെച്ച 68 ലക്ഷം രൂപയുടെ ഭരണാനുമതി ലാപ്സായിട്ടുണ്ടോ;

(സി) പാലത്തിന്റെ നിർമ്മാണത്തിനായി തുക മാറ്റിവച്ച് രണ്ടുവർഷം കഴിഞ്ഞിട്ടും ഇതു സംബന്ധിച്ച ഫയലുകളിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത ഫയലുകളുടെ നമ്പറുകളും അവയുടെ ഇപ്പോഴത്തെ അവസ്ഥയും വിശദമാക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

മമ്പറം പാലത്തിന്റെ നിർമ്മാണം

1287 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മമ്പറം പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം കരാറുകാരന് കൈമാറ്റം ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് എന്ന് കൈമാറ്റം ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ചെറിയ പെരുമ്പുഴപ്പാലം നിർമ്മാണം

1288 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ അച്ചൻകോവിലാറിനു കുറുകെ നിർമ്മിക്കുന്ന ചെറിയ പെരുമ്പുഴപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുതപാലത്തിന്റെ എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പന്തളം വയറപ്പുഴ പാലംപണി</u>

1289 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജകമണ്ഡലത്തിൽ പന്തളം പഞ്ചായത്തിൽ അച്ചൻകോവിലാറിനുകുറുകെ പണിയാനുദ്ദേശിക്കുന്ന വയറപ്പുഴ പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) വയറപ്പുഴ പാലംനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കു ന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>കോരങ്കടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി</u>

1290 ശ്രീ. വി.പി സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് - പിറവം നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോരങ്കടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) 2010 ൽ ഒമ്പതു കോടി രൂപ വകയിരുത്തി തുടങ്ങിയ പ്രസ്തുത പാലത്തിന്റെ നിർമ്മാണ കരാറുകാരൻ പിൻവാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് പുതുക്കി റീടെൻഡർ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>വിളയൂർ ഗ്രാമപഞ്ചായത്തിൽ കുന്തിപ്പുഴയിലെ പാലം നിർമ്മാണം</u>

1291 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിളയൂർ ഗ്രാമപഞ്ചായത്തിൽ പാറക്കടവ് കുന്തിപ്പുഴയിൽ നിർമ്മാണം നടന്നു വരുന്ന പാലം എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന് എത്ര രൂപ ചെലവു വരുമെന്നും അതിന്റെ അടങ്കൽ തുകയിൽ ജില്ലാ പഞ്ചായത്ത്, കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ എന്നിവയുടെ വിഹിതം എത്രയെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാന റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷന് പ്രസ്തുത പാലത്തിന്റെ നിർമ്മാണ ചുമതല നൽകിയത് എന്ത് വ്യവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കോട്ടക്കീൽക്കടവ് - പട്ടുവം പാലം നിർമ്മാണം</u>

1292 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച കോട്ടക്കീൽക്കടവ് - പട്ടുവം പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ചടയമംഗലം പെരപ്പയം പാലം നിർമ്മാണം

1293 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം പെരപ്പയം പാലം നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(ബി) എങ്കിൽ, ആയത് പരിഹരിക്കുന്നതിനും ഉടൻ നിർമ്മാണം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കോരപ്പുഴപ്പാലം പുതുക്കിപ്പണിയുന്നതിനു നടപടി</u>

1294 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴപ്പാലം പുതുക്കിപ്പണിയുന്നതിനായി 2012 ജൂലൈ മാസം 10-ാം തീയതി പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനങ്ങൾ വ്യക്തമാക്കുമോ;

(ബി) പാലംനിർമ്മാണത്തിനാവശ്യമായ തുക സി.ആർ.എഫ്. പദ്ധതിയിൽ നിന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ;

(സി) പാലത്തിന്റെ അപ്രോച്ച് റോഡുനിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലിന് വേണ്ടിവരുന്ന തുക സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ നിന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>കൂട്ടുംവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണം</u>

1295 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം, ഹരിപ്പാട്, കരുനാഗപ്പള്ളി മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂട്ടുംവാതുക്കൽ കടവ് പാലം നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>മലയാറ്റൂര്‍ - കോടനാട് പാലത്തിന്റെ നിര്‍മ്മാണം</u>

1296 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലയാറ്റൂര്‍ - കോടനാട് പാലത്തിന്റെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ എപ്പോള്‍ പൂര്‍ത്തിയാക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ എന്തെല്ലാം പ്രവൃത്തികളാണ് പൂര്‍ത്തിയാക്കാനുള്ളതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

നെന്മാറ മണ്ഡലത്തിലെ ഊട്ടറ പാലം പുതുക്കിപ്പണിയുന്നതിന് നടപടി

1297

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഊട്ടറപാലത്തിന്റെ ബലക്ഷയം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത പാലത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്തു തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നറിയിക്കുമോ;

(സി) പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടി ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

ധര്‍മ്മടം നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ നിര്‍മ്മാണം

1298 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ധര്‍മ്മടം നിയോജകമണ്ഡലത്തിലെ തട്ടാരിപ്പാലത്തിന്റെയും ചേക്കുപാലത്തിന്റെയും അലൈന്‍മെന്റ് അംഗീകരിച്ച് കിട്ടിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കില്‍ ആയതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>നിർമ്മാണത്തിലുള്ള റെയിൽവേ മേൽപ്പാലങ്ങൾ</u>

1299 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം നടക്കുന്നുണ്ടെന്നറിയിക്കുമോ;

(ബി) ഫണ്ടിന്റെ അപര്യാപ്തത മൂലം ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾ മുടങ്ങിയിട്ടുണ്ടോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഡി) ഈ സർക്കാർ എതെങ്കിലും പുതിയ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് പുതിയ റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>അരൂർ - ഇടപ്പള്ളി ഫ്ളൈ ഓവർ</u>

1300

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അരൂർ മുതൽ ഇടപ്പള്ളി വരെ ഫ്ളൈ ഓവർ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇൻകെൽ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതിക്ക് നിർമ്മാണ ച്ചെലവ് പ്രതീക്ഷിക്കുന്നതെന്നറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിയെയാണ് നിയമിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ഡി) ബി.ഒ.ടി. അടിസ്ഥാനത്തിലാണോ പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>നീലേശ്വരം - പള്ളിക്കര റെയിൽഗേറ്റിൽ മേൽപ്പാലം പണിയുന്നതിന് നടപടി</u>

1301

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന നീലേശ്വരം പള്ളിക്കര റെയിൽഗേറ്റിൽ മേൽപ്പാലം പണി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും ആയതു സംബന്ധിച്ച് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

റോഡു വികസനത്തിന് മാസ്റ്റർപ്ലാൻ

1302 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയപാതകളും സംസ്ഥാനപാതകളും നാലുവരിപ്പാതകളാക്കി ഡിവൈഡർ സ്ഥാപിച്ച് സഞ്ചാരയോഗ്യമാക്കാൻ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കുമോ;

(ബി) ഇല്ലെങ്കിൽ ആയതിനായി സമഗ്രമായ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>ദേശീയപാത 212- ന്റെ വികസനം</u>

1303 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 212- ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെങ്കിലും ബൈപ്പാസുകൾ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) താമരശ്ശേരി, കൊടുവള്ളി എന്നിവിടങ്ങളിൽ ബൈപ്പാസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ 'മരപ്പാലം' കള്‍വര്‍ട്ട് വീതികൂട്ടുന്നതിന് നടപടി

1304 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയപാതയില്‍ ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ 'മരപ്പാലം' കള്‍വര്‍ട്ട് വീതി കൂട്ടുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്നറിയിക്കുമോ;

(ബി) പ്രസ്തുത ഭാഗത്ത് ടാര്‍ ചെയ്യപ്പെട്ട ഭാഗത്തിനു പുറമെ കാല്‍നടയാത്രയ്ക്ക് സ്ഥലമില്ലാത്തതിനാല്‍ സ്ട്രിപ്പുകള്‍ സ്ഥാപിച്ചത് മൂലമുള്ള ഗതാഗത തടസ്സം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് സ്വകാര്യവ്യക്തികള്‍ കയ്യേറിയതായുള്ള പരാതികളുടെ അടിസ്ഥാനത്തില്‍ റവന്യൂ അധികാരികളില്‍ നിന്ന് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) മരപ്പാലം കള്‍വര്‍ട്ട് ഉള്‍പ്പെട്ട ഭൂമിയുടെ ഫീല്‍ഡ് മെഷര്‍മെന്റ് ബുക്കിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ദേശീയ പാത 212 - ൽ കുന്ദമംഗലത്ത് ബൈപാസ്</u>

1305 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 212 ന് കുന്ദമംഗലത്ത് ബൈപ്പാസ് നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോയെന്നറിയിക്കുമോ;

(ബി) മെഡിക്കൽ കോളജ്, സി.ഡബ്ല്യൂ.ആർ.ഡി.എം, പെരിങ്ങളം വരിട്ട്യാക്കിൽ വഴി താമരശ്ശേരിയിലേക്കുള്ള റോഡ് ബൈപ്പാസായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>ദേശീയപാത 212</u>

1306

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 212-ന്റെ വികസനവുമായി ബന്ധപ്പെട്ട നടപടികൾ മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാതയുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പദ്ധതികൾ പരിഗണനയിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ദേശീയപാതകളിലെ നിർമ്മാണം മുടങ്ങിക്കിടക്കുന്ന ബൈപ്പാസുകൾ</u>

1307 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയപാതകളിലെ നിർമ്മാണം മുടങ്ങിക്കിടക്കുന്ന ബൈപ്പാസുകൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(സി) ഇവയുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണു സ്വീകരിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ഡി) കോഴിക്കോട് ജില്ലയിൽ പൂളാടിക്കുന്ന് മുതൽ വെങ്ങളം വരെയുള്ള ബൈപ്പാസ് നിർമ്മാണം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ദേശീയപാതകളിലെ ബൈപാസുകളുടെ നിർമ്മാണം</u>

1308

ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകളിലെ ബൈപാസ് നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താൻ സംസ്ഥാന സർക്കാരിന് നിലവിൽ എന്തു സംവിധാനമാണുള്ളത്;

(ബി) കഴക്കൂട്ടം - കോവളം - കളിയിക്കാവിള ബൈപാസ് നിർമ്മാണ പ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദേശീയപാതകളിലെ ബൈപാസുകളുടെ നിർമ്മാണം നടത്തുന്നതിനെക്കുറിച്ച് നാഷണൽ ഹൈവേ അതോറിറ്റി അധികാരികളുടെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചുകൂട്ടാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>കരമന - കളിയിക്കാവിള ദേശീയപാതയുടെ വീതി കൂട്ടുന്നതിനുള്ള നടപടി</u>

1309 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ
'' സി.കെ. നാണു.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരമന - കളിയിക്കാവിള ദേശീയപാതയുടെ വീതി കൂട്ടുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലും നേരിട്ടുകൊണ്ടിരിക്കുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ടോൾപിരിവ് കേന്ദ്രങ്ങൾ</u>

1310 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനതപാതകളിലും ദേശീയപാതകളിലും പൊതുമരാമത്ത് റോഡുകളിലുമായി എത്ര സ്ഥലങ്ങളിൽ ടോൾ പിരിവ് നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ടോൾ പിരിവ് കേന്ദ്രത്തിലും പിരിവ് തുടങ്ങിയത് എന്നുമുതലാണെന്ന് വിശദമാക്കുമോ ;

(സി) വകുപ്പ് നേരിട്ട് ടോൾപിരിവ് നടത്തുന്ന കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(ഡി) ലേലം ചെയ്ത് നല്കിയിട്ടുള്ള ടോൾ പിരിവ് കേന്ദ്രങ്ങൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

കരമന - കളിയിക്കാവിള ദേശീയപാതയുടെ വികസനം

1311 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കരമന - കളിയിക്കാവിള ദേശീയപാതയുടെ വികസന പ്രവര്‍ത്തനങ്ങള്‍ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) മുന്‍ സര്‍ക്കാരിന്റെ കാലത്ത് തുടങ്ങിവച്ച ആദ്യഘട്ട സ്ഥലമെടുപ്പുപ്രവര്‍ത്തനങ്ങള്‍ പൂര്‍ത്തീകരിച്ചിട്ടുണ്ടോ;

(സി) കഴിഞ്ഞ സാമ്പത്തികവര്‍ഷം പ്രസ്തുത പദ്ധതിയില്‍ എത്രത്തോളം പണി പൂര്‍ത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് - കാഞ്ഞങ്ങാട് സംസ്ഥാന പാത</u>

1312 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് - കാഞ്ഞങ്ങാട് സംസ്ഥാന പാതയുടെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഏത് കമ്പനിയാണ് പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് ; പൂർത്തീകരണ കാലാവധി അറിയിക്കുമോ;

(ഡി) നിലവിലുള്ള എസ്റ്റിമേറ്റിൽ പ്രസ്തുത റോഡിലെ ചളിയങ്കോട് ഭാഗത്തെ കയറ്റവും ഇറക്കവും എന്തുചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കോട്ടയം - കുമരകം- ചേർത്തല ടൂറിസ്റ്റ് ഹൈവേ</u>

1313 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം - കുമരകം-ചേർത്തല ടൂറിസ്റ്റ്ഹൈവേക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ :

(സി) പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിൽ സ്വകാര്യപങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പട്ടാമ്പി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ കെട്ടിടനിർമ്മാണം</u>

1314 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി ഗവൺമെന്റ് ഹയർ സെക്കന്ററിസ്കൂളിലെ പല കെട്ടിടങ്ങളും കാലപ്പഴക്കത്താൽ നാശോന്മുഖമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടങ്ങൾ അടിയന്തരമായി പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം പുനർനിർമ്മിക്കാൻ നടപടി</u>

1315 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ബ്ലോക്ക്പഞ്ചായത്ത് കെട്ടിടം കാലപ്പഴക്കത്താൽ നിലംപൊത്താറായ അവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം പുനർനിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കോട്ടയം കോടിമത ചെയിൻ സർവ്വേ സ്കൂൾ കെട്ടിടം പണി</u>

1316 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം കോടിമതയിലുള്ള ചെയിൻ സർവ്വെ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണംആരംഭിച്ചത് എന്നാണെന്നും പ്രസ്തുത പണി പൂർത്തിയാക്കേണ്ടത് എന്നാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്നും പ്രസ്തുത നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം എന്താണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത നിർമ്മാണത്തിനായി നാളിതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും, സർവ്വെ വകുപ്പ് അതിനായി എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത തുക എന്നാണ് അനുവദിച്ചതെന്നും ആയത് ഏതൊക്കെ ഇനത്തിലാണ് ചെലവഴിക്കപ്പെട്ടതെന്നും അറിയിക്കുമോ;

(ഇ) നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടം സർവ്വേ വകുപ്പിന് എന്നത്തേക്ക് കൈമാറാനാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കാക്കനാട് പ്രസ് അക്കാഡമിക്ക് പുതിയ ബ്ലോക്കും ഹോസ്റ്റലും പണിയുന്നതിന് നടപടി</u>

1317 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാക്കനാട് പ്രസ് അക്കാഡമിക്ക് പുതിയ ബ്ലോക്കും ഹോസ്റ്റലും പണിയുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>

1318

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ പൊതുമരാമത്ത് പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്നറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) 2012-13 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>അരൂര്‍ പോലീസ് സ്റ്റേഷന്‍ നിര്‍മ്മാണം</u>

1319 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അരൂര്‍ പോലീസ് സ്റ്റേഷന്‍ നിര്‍മ്മാണത്തിന് എത്ര കോടി രൂപയുടെ എ.എസ്. ആണ് നല്‍കിയിട്ടുള്ളതെന്നും എന്നാണ് നല്‍കിയത് എന്നും വ്യക്തമാക്കുമോ ;

(ബി) 2012-2013 ലെ ബഡ്ജറ്റില്‍ അരൂര്‍ പോലീസ് സ്റ്റേഷന്‍ നിര്‍മ്മാണത്തിനായി എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത് ;

(സി) ആദ്യ എ.എസ്. കാലാവധി അവസാനിച്ചിട്ടുണ്ടോ ; എങ്കില്‍ 2012-2013 ബഡ്ജറ്റില്‍ വകയിരുത്തിയ തുകയ്ക്ക് പുതുക്കിയ ഭരണാനുമതി നല്‍കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പത്തിയൂർ ഗ്രാമപഞ്ചായത്തിലെ ആയുർവേദ ആശുപത്രിയുടെ നിർമ്മാണം</u>

1320 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിലെ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന ആയുർവേദ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>തലസ്ഥാനത്തെ വികലമായ റോഡുവികസനം</u>

1321 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് വികലമായ റോഡുവികസനം കാൽനട യാത്രയ്ക്കായുള്ള സ്ഥലം അപഹരിച്ചിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുതനടപടി മൂലം റോഡപകടങ്ങൾ വർദ്ധിക്കാനിടയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വികലമായ ടാറിങ് മൂലം വൈദ്യുതി പോസ്റ്റുകൾ റോഡി ലേക്കായത് വാഹനങ്ങൾ കൂടുതൽ അപകടത്തിൽപ്പെടാൻ ഇടയാക്കുമെന്നതിനാൽ പ്രസ്തുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ നവീകരണം</u>

1322 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് മേജർ ഡിസ്ട്രിക്ട് റോഡുകളായി പ്രഖ്യാപിച്ച റോഡുകളുടെ നവീകരണത്തിനായി 2012-13 ൽ 50 കോടി രൂപ വകയിരുത്തിയതിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) അത്തരത്തിലുള്ള എത്ര റോഡുകളുടെ നവീകരണത്തിനായി ഈ വർഷം ഭരണാനുമതി നൽകിയെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ;

(സി) ഭരണാനുമതി ലഭിച്ച പ്രസ്തുത റോഡുകളിൽ എത്രയെണ്ണത്തിന് സാങ്കേതികാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>റോഡുസുരക്ഷാ പദ്ധതി</u>

1323 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പത്തനംതിട്ട ജില്ലയിൽ പ്രസ്തുത തുക എന്തെല്ലാം ഇനങ്ങളിലാണ് ചെലവഴിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുകയിൽ നിന്ന് അടൂർ മണ്ഡലത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പാപ്പിനിശ്ശേരി-പിലാത്തറ റോഡ്</u>

1324 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി-പിലാത്തറ റോഡിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഏത് കമ്പനിയാണ് പ്രസ്തുത റോഡിന്റെ നിർമ്മാണച്ചുമതല ഏറ്റെടുത്തിരിക്കുന്നത്; എത്ര കോടി രൂപയ്ക്കാണ് ടെണ്ടർ എടുത്തിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>വളാഞ്ചേരി-ചെർപ്പുളശ്ശേരി റോഡ് പുനർനിർമ്മാണം</u>

1325 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വളരെയേറെ പ്രാധാന്യമുള്ള വളാഞ്ചേരി-ചെർപ്പുളശ്ശേരി റോഡ് അന്താരാഷ്ട്ര നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, ആരിൽ നിന്നാണ് നിവേദനം ലഭിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത റോഡിന്റെ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>വട്ടിയൂർക്കാവ് ജംഗ്ഷന്റെയും അനുബന്ധ റോഡുകളുടെയും വികസനം</u>

1326 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് ജംഗ്ഷന്റെയും ശാസ്തമംഗലം, പേരൂർക്കട, വഴയില എന്നിവിടങ്ങളിലേക്കുള്ള റോഡുകളുടെയും വികസനത്തിന് സ.ഉ(സാ)138/2011/പി.ഡബ്ല്യൂ.ഡി തീയതി 22.01.2011, സ.ഉ(സാ)311/2011/പി.ഡബ്ല്യൂ.ഡി തീയതി 23.2.2011 എന്നീ ഉത്തരവുകളെ അടിസ്ഥാനമാക്കി 2011-12 വർഷത്തെ ബഡ്ജറ്റിൽ എത്ര രൂപയാണ് പ്രത്യേകമായി വകയിരുത്തിയിരുന്നത്;

(ബി) പ്രസ്തുത പണികൾക്കായി നാഷണൽ ഗെയിംസ് നടത്തിപ്പ് ഫണ്ടിൽ നിന്ന് എത്ര രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(സി) പ്രസ്തുക പണികളുടെ നിർവ്വഹണത്തിനായി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പണികൾ തലസ്ഥാന നഗരറോഡുവികസന പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടത്തുമോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ചെറുതാഴം - കുറ്റൂർ - പെരിങ്ങോം റോഡിന്റെ നിർമ്മാണം</u>

1327 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാരുടെ മണ്ഡലം ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നറിയിക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ തുടർച്ചയായുള്ള ചന്തപ്പുര മുതൽ മാതമംഗലംവരെയുള്ള (5/400 മുതൽ 10/000 കി. മീ) ഭാഗം ബി.എം& ബി.സി ആക്കി ഉയർത്തണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ആയതിന് ഭരണാനുമതി ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>വയനാട് ചുരം റോഡിന് ബദലായി പണിയാൻ</u>
<u>ഉദ്ദേശിക്കുന്ന റോഡിന്റെ സാധ്യതാപഠനം</u>

1328 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ചുരം റോഡിന് ബദലായി പണിയാൻ ഉദ്ദേശിക്കുന്ന റോഡിന്റെ സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സാധ്യതാപഠനത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>റോഡുകളുടെ പുനരുദ്ധാരണം</u>

1329 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വാർഷിക പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് 2011-12, 2012-13 വർഷങ്ങളിൽ നടത്തിയിട്ടുളളത്;

(ബി) എന്തു തുക പ്രസ്തുത പ്രവൃത്തികൾക്കായി വിനിയോഗിച്ചു എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>മാവൂർ - എൻ.ഐ.ടി - കൊടുവള്ളി റോഡ്</u>

1330 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവൂർ - എൻ.ഐ.ടി.- കൊടുവള്ളി റോഡ് എസ്. ആർ. ഐ. പി. യിൽപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>നാടൃൻചിറ - ഉദുവടി - ചേലക്കര ബൈപാസ് റോഡിന്റെ നിർമ്മാണം</u>

1331 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാടൃൻചിറ - ഉദുവടി - ചേലക്കര ബൈപാസ് റോഡ് നിർമ്മിക്കാൻ 2009 -ൽ ഭരണാനുമതി നൽകി തുക അനുവദിച്ചിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ബൈപാസ് നിർമ്മാണം ഇതേവരെ ആരംഭിക്കുവാൻ കഴിയാത്തതിനുള്ള കാരണം വിശദീകരിക്കാമോ;

(സി) പ്രസ്തുത ബൈപാസ് നിർമ്മാണത്തിലെ തടസ്സങ്ങൾ നീക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) തടസ്സങ്ങൾ നീക്കി ബൈപാസ് നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013–ലെ മറുപടിക്ക്

അങ്കമാലി നിയോജക മണ്ഡലത്തിലെ
നിർമ്മാണ പ്രവർത്തനങ്ങൾ

1332 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അങ്കമാലി നിയോജക മണ്ഡലത്തിലെ റോഡുകൾക്കും കെട്ടിടങ്ങൾക്കും മറ്റനുബന്ധ പ്രവൃത്തികൾക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ആയത് ഏതെല്ലാം പദ്ധതികൾക്കായാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ആയതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പേരാമ്പ്ര ബൈപ്പാസ് റോഡ് നിർമ്മാണം</u>

1333 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ബൈപ്പാസ് റോഡ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നറിയിക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ആരെങ്കിലും ബഹു: ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പുതിയ സർക്കുലറുകളോ, ഉത്തരവുകളോ റവന്യൂ വകുപ്പിൽ നിന്ന് ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

തലശ്ശേരി നിയോജക മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

1334

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ തലശ്ശേരി-നാദാപുരം റോഡിന്റെയും കൊളശ്ശേരി-കായലോട് റോഡിന്റെയും നവീകരണ പ്രവൃത്തികൾക്കുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) എങ്കിൽ ഓരോ പ്രവൃത്തിക്കും എത്ര രൂപയുടെ പ്രൊപ്പോസലാണ് നിലവിലുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ നടപടികൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കുമോ;

(സി) 2013-2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ തുക നീക്കിവെച്ച് പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>തങ്കളം-കോയിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണം</u>

1335 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ തങ്കളം-കോയിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബൈപ്പാസ് റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബൈപ്പാസ് റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണു പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ</u>
<u>റോഡുകളുടെ നിർമ്മാണം</u>

1336 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ എസ്റ്റിമേറ്റാണ് പി.ഡബ്ല്യൂ.ഡി കൊയിലാണ്ടി സബ് ഡിവിഷനിൽ നിന്ന് പി.ഡബ്ല്യൂ.ഡി കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന നോർത്ത് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് നോർത്ത് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുള്ള കൊയിലാണ്ടി മണ്ഡലത്തിലെ റോഡുകളുടെ എസ്റ്റിമേറ്റ് ഏതെല്ലാം എന്നറിയിക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ എസ്റ്റിമേറ്റുകളിൽ കോഴിക്കോട് നോർത്ത് പി.ഡബ്ല്യൂ.ഡി റോഡ്സ് സൂപ്രണ്ടിംഗ് എഞ്ചിനീയർ കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതെല്ലാം റോഡുകളുടെ എസ്റ്റിമേറ്റുകൾ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചുവെന്നും ഓരോ റോഡിന്റേയും എസ്റ്റിമേറ്റ് തുക എത്രയെന്നും പ്രസ്തുത എസ്റ്റിമേറ്റുകൾ എന്നാണ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ളതെന്നും അറിയിക്കുമോ;

(ഡി) പി.ഡബ്ല്യൂ.ഡി റോഡ്സ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പ്രസ്തുത റോഡുകളുടെ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി ശുപാർശ ചെയ്ത റോഡുകൾ</u>

1337 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാർ ശുപാർശ ചെയ്ത റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>നബാർഡിന്റെ സഹായത്തോടെ നിർമ്മിക്കുന്ന റോഡുകൾ</u>

1338

ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ റോഡുകൾക്കാണ് ഈ വർഷം നബാർഡിന്റെ സഹായം ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിൽ പരപ്പൻ പൊയിൽ - പുന്നശ്ശേരി കാക്കൂർ - പാവണ്ടൂർ - എടക്കര - പട്ടർപാലം - ചേളന്നൂർ റോഡ് നബാർഡിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്ത് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>അങ്കമാലി നിയോജക മണ്ഡലത്തിലെ റോഡുകൾ</u>

1339 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുളള റോഡുകൾ ഏതെല്ലാമെന്നും പ്രസ്തുത റോഡുകളുടെ ദൈർഘ്യവും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അങ്കമാലി നിയോജക മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത റോഡുകൾ ഏതെല്ലാമെന്നും പിന്നീട് തിരിച്ചെടുത്ത റോഡുകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് അങ്കമാലി നിയോജക മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഉണ്ടായിരുന്ന ഏതെല്ലാം റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത റോഡുകൾ മേജർ ഡിസ്ട്രിക് റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പൊന്നാനി-എലത്തൂർ തീരദേശ റോഡിന്റെ നിർമ്മാണം</u>

1340 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി-എലത്തൂർ തീരദേശ റോഡിന്റെ നിർമ്മാണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പൊന്നാനി-എലത്തൂർ തീരദേശ റോഡിൽ എലത്തൂർ ഭാഗത്ത് നാലുവരിപ്പാത ആക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് നഗരസഭയിലെ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം</u>

1341 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നഗരസഭയിൽ നിർമ്മിക്കുന്ന മിനി സിവിൽ സ്റ്റേഷന്റെ ഗ്രൗണ്ട് ഫ്ളോർ നിർമ്മാണം പൂർത്തിയായിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ ടെൻഡർ നൽകിയ തീയതിയും കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കേണ്ട തീയതിയും അറിയിക്കുമോ;

(സി) നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ കാരണം അറിയിക്കുമോ;

(ഡി) നിർമ്മാണം പൂർത്തിയാക്കുന്നതിന് കാലതാമസം വരുത്തിയതിന്റെ പേരിൽ കരാറുകാരനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(ഇ) മിനി സിവിൽ സ്റ്റേഷന്റെ ഗ്രൗണ്ട്ഫ്ളോർ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കിളിമാനൂർ മിനിസിവിൽ സ്റ്റേഷന്റെ നിർമ്മാണം</u>

1342 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയിൽ ഏതെല്ലാം പണികളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും ഉത്ഘാടനം എന്നു നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സിവിൽ സ്റ്റേഷനിൽ ഏതെല്ലാം വകുപ്പുകളുടെ ഓഫീസുകളാണ് പ്രവർത്തിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

കോതമംഗലം മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം

1343 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഏന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം കളിസ്ഥലമായി ഉപയോഗിക്കാൻ അനുമതി നൽകിയ നടപടി

1344

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മണക്കാട് യു. പി. സ്കൂളിന് പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം കളിസ്ഥലമായി ഉപയോഗിക്കാൻ പെർമിസ്സീവ് സാംഗ്ഷൻ നൽകിക്കൊണ്ട് 25035/പി.എസ്.2/2011/പി.ഡബ്ല്യു.ഡി. നമ്പർ ഫയലിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് നൽകിയ തീയതി വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഫയലിന്മേൽ നാളിതുവരെയായി സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ഡി) 'പെർമിസ്സീവ് സാംഗ്ഷൻ' നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഹരിത നിർമ്മാണ നയം</u>

1345 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പരിസ്ഥിതി സൗഹൃദ നിർമ്മിതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിത നിർമ്മാണ നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 മാർച്ച് 12.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ ചട്ടം 47(1)].

'T' ഇന്നത്തേക്ക് മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.